**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 206** **22-02-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ മേഖലയിലെ സമഗ്ര പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എച്ച്. സലാം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യമേഖലയിലെ സമഗ്ര പ്രവർത്തനത്തിന്റെ ഫലമായി നീതി ആയോഗ് സൂചികയിൽ തുടർച്ചയായി നാലാം തവണയും കേരളത്തിന് ഒന്നാം സ്ഥാനം നിലനിർത്താനായിട്ടുണ്ടോ ; പ്രസ്തുത സൂചികയിൽ വിവിധ സംസ്ഥാനങ്ങൾ നേടിയ സ്കോർ താരതമ്യത്തിനായി അറിയിക്കാമോ ; | (എ) | നീതി അയോഗ് Health index ൽ കേരളത്തിന് തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം നിലനിർത്താനായിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങൾ നേടിയ സ്കോർ അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ബി) | ആരോഗ്യ മേഖലയിൽ കഴിഞ്ഞ സർക്കാർ നടത്തിയ ശ്ലാഘനീയമായ ഇടപെടലിന്റെയും ഈ സർക്കാരിന്റെ മികച്ച തുടർ പ്രവർത്തനത്തിന്റെയും അംഗീകാരമായി ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ ഏതെല്ലാമാണ് ; | (ബി) | കേരളത്തിലെ 4 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 8 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 34 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 86 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ ആകെ 136 സർക്കാർ ആശുപത്രികൾക്ക് ഇതുവരെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അംഗീകാരം ലഭിച്ചിട്ടുണ്ട്. 2021 സെപ്റ്റംബർ 17 ലോക രോഗി സുരക്ഷാ ദിനത്തിന്റെ (International Patient safety Day) ഭാഗമായി ദേശീയ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച രോഗി സുരക്ഷാ സപ്താഹ് ("Rogi Suraksha Saptahh") വാരാഘോഷത്തിന്റെ ഭാഗമായി ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനങ്ങൾക്ക് പുരസ്കാരം (അവാർഡ്) പ്രഖ്യാപിച്ചതിൽ കേരളം രണ്ട് അവാർഡുകൾക്ക് അർഹരായി . ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ് ) അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ (21- 100 ആശുപത്രി) തലത്തിൽ, കേരളം ഒന്നാം സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു . ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ച പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ |

| | | | |
|---|---|---|---|
| | | | (501-1000 ആശുപത്രി) തലത്തിൽ, കേരളം റണ്ണർഅപ്പായി തിരഞ്ഞെടുക്കപ്പെട്ടു. ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 'ഹൃദ്യം' പദ്ധതിക്ക് രണ്ട് പ്രധാന നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ സ്കോച്ച് സ്വച്ച് ഭാരത് ഗോൾഡ് അവാർഡ്, Express Health Care അവാർഡ് എന്നിവയാണ്. ഹൃദ്യം പദ്ധതിയ്ക്ക് 2017 ലെ കേരള സംസ്ഥാന ഇ ഗവേർണൻസ് അവാർഡ് 2018 ലും കേരള സംസ്ഥന ചീഫ് മിനിസ്റ്റർ അവാർഡ് 2019 ലും ലഭ്യമായി. |
| (സി) | പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ എത്ര ശതമാനമാണ് ചെലവഴിക്കുന്നത് ; കേന്ദ്ര സർക്കാർ ജി.ഡി.പി.യുടെ എത്ര തുക ചെലവഴിക്കുന്നുണ്ട് എന്ന വിവരം ലഭ്യമാണോ; എങ്കിൽ നൽകുമോ; | (സി) | വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ഡി) | പൊതുജനാരോഗ്യമേഖലയുടെ ശാക്തീകരണത്തിനന് തടസ്സമാകുന്ന വർദ്ധിച്ച തോതിലുള്ള രോഗാതുരത പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ? | (ഡി) | സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങൾ വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ പകർച്ചവ്യാധികളായ ഡെങ്കിപനി, എലിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ പകർച്ചവ്യാധികളും കോവിഡ് - 19 പോലെയുള്ള മഹാമാരികളും സംസ്ഥാന ആരോഗ്യ രംഗത്തെ പ്രതിസന്ധിയിലാഴ്ത്തുന്നുണ്ടെങ്കിലും ഈ രോഗങ്ങൾ മുഖാന്തിരമുള്ള പ്രതിശീർഷ ആരോഗ്യ ചെലവും മരണനിരക്കും താരതമ്യേന കുറവാണ്. എന്നാൽ ദീർഘസ്ഥായി രോഗങ്ങളായ ജീവിതശൈലിരോഗങ്ങൾ പ്രത്യേകിച്ച് പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, കരൾ രോഗങ്ങൾ, വൃക്കരോഗങ്ങൾ, പക്ഷാഘാതം, ശ്വാസകോശ രോഗങ്ങൾ, അർബുദം എന്നിവ ഏറെ നാൾ നീണ്ടു നിൽക്കുന്നതും പ്രതിശീർഷ ആരോഗ്യ ചെലവ് വളരെ കൂടുതലുമായി കാണപ്പെടുന്നു. ഈ രോഗങ്ങൾ കൊണ്ടുള്ള രോഗാതുരതയും മരണനിരക്കും പകർച്ചവ്യാധികളെക്കാൾ വളരെ കൂടുതലാണ്. ജീവിതശൈലിരോഗങ്ങൾ നേരിടുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ അമൃതം ആരോഗ്യ പദ്ധതിയിലൂടെ ജീവിതശൈലി രോഗങ്ങളുടെ നിർണയം നിയന്ത്രണവും ചികിത്സയും പുനരധിവാസവും 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ എല്ലാ തലങ്ങളിലും നടപ്പിലാക്കി വരുന്നു. പ്രാഥമികാരോഗ്യ തലം മുതൽ പ്രമേഹം, രക്താതിസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾക്കായുള്ള സൗജന്യ സ്ക്രീനിംഗും ചികിത്സയും മരുന്നും ഉറപ്പാക്കുന്നതോടൊപ്പം തന്നെ |

| | | | |
|---|---|---|---|
| | | | ഈ രോഗങ്ങളുടെ മൂർദ്ധന്യഭാവങ്ങളായ നേത്രപടലാന്ധത, ഡയബറ്റിക്ക് ഫുട്ട് എന്നിവ കണ്ടെത്തുന്നതിനുള്ള പരിശോധനകളും നടത്തി വരുന്നു. പ്രാഥമിക തലം മുതൽ ഗുരുതര ശ്വാസകോശ രോഗമായ സിഒപിഡി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അർബുദരോഗത്തിന്റെ നിർണയവും ചികിത്സയും ആരോഗ്യ വകുപ്പിന് കീഴിലുള്ള 24 ആശുപത്രികളിൽ റീജണൽ കാൻസർ സെന്ററുകളുടെ സഹായത്തോടു കൂടി നടപ്പിലാക്കി വരുന്നു. പക്ഷാഘാതം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സ്ട്രോക്ക് യൂണിറ്റുകൾ, ഹൃദ്രോഗങ്ങൾ ചികിത്സിക്കുന്നതിനുള്ള കാത്ത് ലാബുകൾ എന്നിവ എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും സജ്ജമാക്കിയിട്ടുണ്ട്. ഡയാലിസിസിനായി ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ചില പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നതോടൊപ്പം തന്നെ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികളിലൂടെ ഗുരുതര രോഗങ്ങൾക്കുള്ള പ്രതിരോധ ചികിത്സയും മരുന്നുകളും ഉറപ്പാക്കുന്നതൊടൊപ്പം രോഗാതുരതയും മരണനി രക്കും ഒരു പരിധി വരെ നിയന്ത്രിക്കുവാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| NITI AYOG | | |
|---|---|---|
| Round IV (2019-2020) State Score | | |
| **Sl.No.** | **Larger States** | **Score** |
| 1. | Kerala | 82.20 |
| 2. | Tamil Nadu | 72.42 |
| 3. | Telangana | 69.96 |
| 4. | Andra Pradesh | 69.95 |
| 5. | Maharashtra | 69.14 |
| 6. | Gujarat | 63.59 |
| 7. | Himachal Pradesh | 63.17 |
| 8. | Punjab | 58.08 |
| 9. | Karnataka | 57.93 |
| 10. | Chattisgarh | 50.70 |
| 11. | Haryana | 49.26 |
| 12. | Assam | 47.74 |
| 13. | Jharkhand | 47.55 |
| 14. | Odisha | 44.31 |
| 15. | Uttarakhand | 44.21 |
| 16. | Rajasthan | 41.33 |
| 17. | Madhya Pradesh | 36.72 |
| 18. | Bihar | 31.00 |
| 19. | Uttar Pradesh | 30.57 |
| **Sl.No.** | **Smaller States** | **Score** |
| 1. | Mizoram | 75.77 |
| 2. | Tripura | 70.16 |
| 3. | Sikkim | 55.53 |
| 4. | Goa | 53.68 |
| 5. | Meghalaya | 43.05 |
| 6. | Manipur | 34.26 |

| | | |
|---|---|---|
| 7. | Arunachal Pradesh | 33.91 |
| 8. | Nagaland | 27.00 |

| Sl.No. | Union Territories | Score |
|---|---|---|
| 1. | Dadra & Nagar Haveli and Daman Diu | 66.19 |
| 2. | Chandigarh | 62.53 |
| 3. | Lakshadweep | 51.88 |
| 4. | Puduchery | 50.83 |
| 5. | Delhi | 49.85 |
| 6. | Jammu & Kashmir | 47.00 |
| 7. | Andaman & Nicobar | 44.74 |